പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

29.10.2019 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 566

# ആലപ്പുഴ ജില്ലയിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം
ശ്രീ. ആർ. രാജേഷ്

മറുപടി
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).

ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് നാളിതുവരെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ ?

: ആലപ്പുഴ ജില്ലയിൽ ഈ സർക്കാർ അധികാരമേറ്റശേഷം വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

സംരംഭകത്വ സഹായ പദ്ധതി പ്രകാരം 240 ഗുണഭോക്താക്കൾക്ക് 1091 ലക്ഷം രൂപ സബ്സിഡിയായി നൽകി. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം 62 ഗുണഭോക്താക്കൾക്ക് 7.62 ലക്ഷം രൂപയും അനുവദിച്ചു നൽകി. പ്രധാനമന്ത്രി തൊഴിൽദാന പദ്ധതി പ്രകാരം 228 ഗുണഭോക്താക്കൾക്കായി 528.45 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

2016-17-ലെ കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമിലുൾപ്പെടുത്തി സംരംഭകത്വ വികസന പദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. ജില്ലാതലത്തിൽ 110 പേർക്കായി ഒരു സംരംഭകസംഗമവും താലൂക്ക് തലത്തിൽ 365 സംരംഭകരെ പങ്കെടുപ്പിച്ചു കൊണ്ട് 6 സംരംഭകസംഗമവും നടത്തി.

2017 - 18-ലെ കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാമിലുൾപ്പെടുത്തി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിലെ സാങ്കേതിക മുന്നേറ്റങ്ങളും നൂതന ആശയങ്ങളും സംരംഭകർക്ക് പ്രദാനം ചെയ്യുന്ന ടെക്നോളജി ക്ലിനിക്ക് എന്ന ഒരു പരിപാടി 80 ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തുകയുണ്ടായി സംരംഭകത്വ വികസന പദ്ധതി പ്രകാരം 80 ഗുണഭോക്താക്കൾക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. ജില്ലാതലത്തിൽ 105 പേരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു സംരംഭകസംഗമവും താലൂക്ക് തലത്തിൽ 480 സംരംഭകരെ പങ്കെടുപ്പിച്ചു കൊണ്ട് 6 സംരംഭകസംഗമവും നടത്തി. 1396 ഗുണഭോക്താക്കൾക്കായി 33 സംരംഭകത്വ ബോധവൽക്കരണ പരിപാടിയും നടത്തി. അഭ്യസ്ത വിദ്യരും എന്നാൽ തൊഴിൽ

രഹിതരുമായ യുവാക്കൾക്കായി നൈപുണ്യ വികസന പരിശീലനം നൽകുന്ന പദ്ധതിയായ ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം 25 യുവാക്കളെ പങ്കെടുപ്പിച്ചു കൊണ്ട് നടത്തുകയുണ്ടായി. കൂടാതെ ഒരു വ്യവസായ പ്രദർശനവും നടത്തി.

2018-19 കാലയളവിൽ 1370 ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചു കൊണ്ട് 23 വ്യവസായ സെമിനാറുകളും ജില്ലാതലത്തിൽ 110 പേരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു സംരംഭകസംഗമവും താലൂക്ക് തലത്തിൽ 419 സംരംഭകരെ പങ്കെടുപ്പിച്ചു കൊണ്ട് 6 സംരംഭകസംഗമവും നടത്തി. 193 പ്രതിനിധികളെ പങ്കെടുപ്പിച്ചു കൊണ്ട് ടെക്നോളജി ക്ലിനിക്ക് എന്ന പരിപാടി 3 എണ്ണവും ടെക്നോളജി മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം 26 യുവാക്കളെ പങ്കെടുപ്പിച്ചു കൊണ്ടും നടത്തുകയുണ്ടായി. സംരംഭകത്വ വികസന പദ്ധതി പ്രകാരം 111 ഗുണഭോക്താക്കൾക്കായി 2 പരിശീലന പരിപാടി സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് 150 ഗുണഭോക്താക്കളെ പങ്കെടുപ്പിച്ചു കൊണ്ട് 2 ബോധവത്കരണ പരിപാടികളും നടത്തിയിട്ടുണ്ട്.

മേൽ വിവരിച്ചിരിക്കുന്ന പദ്ധതി/പരിപാടികളിലൂടെ ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ 37790.1 ലക്ഷം രൂപ മുതൽമുടക്കിൽ 4014 വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ഇതിലൂടെ 13056 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ചേർത്തലയിൽ സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ പുരോഗമിക്കുകയാണ്.

വ്യവസായവകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിൽ കൊല്ലക്കടവിലുള്ള മേജർ വ്യവസായ എസ്റ്റേറ്റിന്റെ നവീകരണത്തിനായി 78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. അതിൻപ്രകാരം ടി എസ്റ്റേറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 8 വ്യവസായ ഷെഡ്ഡുകളും ഒരു ടോയ്.ലറ്റ് ബ്ലോക്കും ഇവിടെ പണിയുന്നുണ്ട്. സിഡ്കോയുടെ ഉടമസ്ഥതയിലുള്ള മാരാരിക്കുളം മിനിവ്യവസായ എസ്റ്റേറ്റിൽ ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുവാനുള്ള നടപടികളും നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ.